# Malayala Manorama
# 24 August 2018
# New Delhi; Flood Relief, European Union , 1.54 Crore

# യൂറോപ്യൻ യൂണിയൻ നൽകും, റെഡ്ക്രോസ് വഴി 1.54 കോടി

## ■ കേരളത്തിനു കൂടുതൽ സഹായം, വാഗ്ദാനം

ന്യൂഡൽഹി • പ്രളയക്കെടുതിയിൽനിന്നു കരകയറാൻ യൂറോപ്യൻ യൂണിയൻ കേരളത്തിന് 1.9 ലക്ഷം യൂറോയുടെ (1.54 കോടി രൂപ) സഹായം പ്രഖ്യാപിച്ചു. യുഎഇ പ്രഖ്യാപിച്ച 700 കോടി രൂപ സംബന്ധിച്ച വിവാദത്തിന്റെ പശ്ചാത്തലത്തിൽ, റെഡ്ക്രോസ് സൊസൈറ്റി വഴിയാകും സഹായം നൽകുന്നത്. ദുരന്തത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ യൂറോപ്യൻ സിവിൽ പ്രൊട്ടക്‌ഷൻ ആൻഡ് ഹ്യുമാനിറ്റേറിയൻ ഓപ്പറേഷൻസിലെ വിദഗ്ധരെ യൂറോപ്യൻ യൂണിയൻ നിയോഗിച്ചിട്ടുണ്ട്. ശേഷം കൂടുതൽ സഹായം നൽകും.

കേരളത്തിൽ 50 കോടി രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുമെന്ന് അദാനി ഗ്രൂപ്പ് അറിയിച്ചു. 25 കോടി അടിയന്തര ധനസഹായമായി അനുവദിക്കും. ഗോവ സർക്കാർ അഞ്ചു കോടി രൂപ നൽകുമെന്നു മുഖ്യമന്ത്രി മനോഹർ പരീക്കർ അറിയിച്ചു. മഹാരാഷ്ട്രയിലെ ശ്രീ സായിബാബ സൻസ്തൻ ട്രസ്റ്റ് അഞ്ചു കോടി നൽകുമെന്നു ചെയർമാൻ ഡോ. സുരേഷ് ഹവാരെ അറിയിച്ചു.

ആക്സിസ് ബാങ്ക് അഞ്ചു കോടിയുടെ സഹായം പ്രഖ്യാപിച്ചു. ഇതിൽ രണ്ടു കോടി രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ രാജീവ് ആനന്ദ് മുഖ്യമന്ത്രിക്കു കൈമാറി. ബാക്കി മൂന്നു കോടി രൂപയുടെ സേവനങ്ങൾ ബാങ്ക് നേരിട്ടു നടപ്പാക്കും.

ഹോണ്ട കമ്പനി ജീവനക്കാരുടെ വിഹിതമടക്കം മൂന്നു കോടി രൂപ പ്രധാനമന്ത്രിയുടെ അക്കൗണ്ടിലേക്കു നൽകി. ബജാജ് ഓട്ടോ രണ്ടു കോടി രൂപ നൽകും. വിവിധ ബജാജ് ട്രസ്റ്റുകൾ പ്രഖ്യാപിച്ച 50 ലക്ഷം രൂപയ്ക്കു പുറമേയാണിത്.

സാംസങ് കമ്പനി 1.5 കോടി നൽകും. ഇൻഫോസിസ് ഫൗണ്ടേഷൻ ഒരു കോടിയിലധികം രൂപയുടെ സാമഗ്രികൾ കേരളത്തിലെത്തിച്ചു. തമിഴ് നടൻ രാഘവ ലോറൻസ് ഒരു കോടി കൈമാറും.

ശോഭ ഗ്രൂപ്പ് കമ്പനീസ് ചെയർമാൻ പി.എൻ.സി. മേനോൻ നൽകുന്ന ഒരു കോടി രൂപയുടെ ചെക്ക് ശോഭ ലിമിറ്റഡ് അഡ്വൈസർ എ.ആർ. കുട്ടി മന്ത്രി എ.കെ. ബാലന് കൈമാറി.

കേരള ബ്ലാസ്റ്റേഴ്സ് കുടുംബത്തിൽനിന്ന് 75 ലക്ഷം രൂപ. ക്ലബ് ഉടമ നിമ്മഗഡ്ഡ പ്രസാദ് 50 ലക്ഷം രൂപ നിമ്മഗഡ്ഡ ഫൗണ്ടേഷൻ വഴി നൽകിയപ്പോൾ, സഹ ഉടമയും സിനിമാതാരവുമായ അല്ലു അർജുൻ 25 ലക്ഷം രൂപ കൈമാറി.

ടെക്നോപാർക്കിലെ എൻജിനീയറിങ് സർവീസ് കമ്പനിയായ ക്വസ്റ്റ് ഗ്ലോബലിന്റെ 50 ലക്ഷം രൂപ തിരുവനന്തപുരം സെന്റർ മേധാവി എസ്.നാരായണൻ മുഖ്യമന്ത്രിക്കു കൈമാറി.

ഓൾ ഇന്ത്യ ബാങ്ക് ഓഫിസേഴ്സ് കോൺഫെഡറേഷൻ സംസ്ഥാന കമ്മിറ്റി 25 ലക്ഷം രൂപ മുഖ്യമന്ത്രിക്കു നൽകി.

പാലക്കാട് ജില്ലാ കോൺഗ്രസ് കമ്മിറ്റി 15 ലക്ഷം രൂപ കൈമാറി. ചക്കിട്ടപാറ സർവീസ് സഹകരണ ബാങ്ക് 10.41 ലക്ഷം രൂപ നൽകി. ദുബായ് ആസ്ഥാനമായ അൽ ഇർഷാദ് കംപ്യൂട്ടർ ഗ്രൂപ്പ് കമ്പനി പത്തു ലക്ഷം രൂപ കൈമാറി.

ചികിൽസയ്ക്കായി മലപ്പുറം കോട്ടയ്ക്കലെത്തിയ കേന്ദ്ര സഹമന്ത്രി രാംദാസ് അഠാവ്‌ലെ ജില്ലാ കലക്ടർ അമിത് മീണയ്ക്ക് നാലു ലക്ഷം രൂപയുടെ ചെക്ക് കൈമാറി. തിരൂരിലെ പ്രളയ ബാധിത പ്രദേശങ്ങൾ അദ്ദേഹം സന്ദർശിച്ചു.

രണ്ടു മാസത്തെ ശമ്പളം വരുൺ ഗാന്ധി എംപി മാറ്റിവച്ചു. അരുണാചൽ മുൻ മുഖ്യമന്ത്രി നബാം തൂക്കി എംഎൽഎ ഒരു മാസത്തെ ശമ്പളം അയച്ചു.

പയർവർഗങ്ങളും ഉള്ളിയും എത്ര വേണമെങ്കിലും നൽകാമെന്നു നബാർഡ്. നിലവിൽ 60 ടൺ പയർവർഗങ്ങൾ കേരളത്തിലേക്ക് അയച്ചതായി ചെയർമാൻ വി.ആർ.പട്ടേൽ അറിയിച്ചു